

WEDNESDAY | 17/12/2025 | ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor:** SINDHU. KS  **Editor:** Dr. G.Pramodkumar



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/12/2025

1. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം നാടൻ വെസ്റ്റ് കോസ്റ്റ് നെടിയ ഇനം - WCT തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് ഈ മാസം 19 ന് (19.12.2025) നടക്കുന്ന മാസചന്തയിൽ വില്പന നടത്തുന്നു. തൈകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485 2554240. വിൽപന 19.12.2025 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്.

2. സംസ്ഥാനത്ത് കുളമ്പുരോഗ നിയന്ത്രണ പദ്ധതിഏഴാം ഘട്ടം). ചർമ്മമുഴരോഗ പ്രതിരോധ കുത്തിവയ്പ്പ് (മൂന്നാം ഘട്ടം), എന്നിവയുടെ സംയുക്ത വാക്സിനേഷൻ പ്രോഗ്രാം 2025, ഡിസംബർ 17 മുതൽ 2026 ജനുവരി 23 വരെ സംഘടിപ്പിച്ചിരിക്കുന്നു. **കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ്**- 4 മാസം മുതൽ 5 മാസം വരെ പ്രായമുള്ള പശു എരുമക്കുട്ടികൾക്ക് ആദ്യ ഡോസ് നൽകി 28 മുതൽ 35

ff



ദിവസത്തിനുള്ളിൽ ബൂസ്റ്റർ ഡോസും എടുക്കേണ്ടതാണ്. 4 മാസത്തിൽ താഴെയുള്ള പശു കാളക്കുട്ടികൾ, ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസങ്ങളിലുള്ള മൃഗങ്ങൾ, രോഗബാധിതരായ മൃഗങ്ങൾ, എന്നിവ വാക്സിനേഷനു യോഗ്യരല്ല. ഈ കാർപെറ്റ് വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിക്കുന്നതിന് മൂന്ന് മാസത്തിനകം റിംഗ് വാക്സിനേഷന്റെ ഭാഗമായി FMD വാക്സിൻ നൽകിയിട്ടുള്ള കന്നുകാലികൾക്ക് ഈ ക്യാമ്പെയ്ൻ വേളയിൽ പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ടതില്ല. **ചർമ്മമുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ്**-LSD വാക്സിൻ (ഗവൺമെൻറ് ഓഫ് ഇന്ത്യ ശുപാർശ ചെയ്യുന്ന ഗോട്ട് പോക്സ് വാക്സിൻ) കന്നുകാലികൾക്ക് മാത്രമാണ് നൽകുന്നത് (എരുമ വർഗത്തിന്ന് നൽകേണ്ടതില്ല). 4 മാസമോ അതിൽ കൂടുതലോ പ്രായമുള്ള ആരോഗ്യമുള്ള കന്നുകാലികൾക്ക് LSD പ്രതിരോധ കുത്തിവയ്പ്പ് നൽകാം. ഗർഭിണികളായ മൃഗങ്ങൾക്ക് ഗർഭാവസ്ഥയുടെ ഏത് ഘട്ടത്തിലും LS D ക്കെതിരെ സുരക്ഷിതമായി പ്രതിരോധ കുത്തിവയ്പ്പ് നൽകാം. രോഗബാധിതരായ മൃഗങ്ങൾ, 4 മാസത്തിൽ താഴെയുള്ള മൃഗങ്ങൾ, കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ LSD വാക്സിൻ സ്വീകരിച്ച മൃഗങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(കണ്ടെയ്ൻമെന്റ് വാക്സിനേഷന്റെ ഭാഗമായി) എന്നിവയ്ക്ക് ഈ ക്യാമ്പെയ്ൻ വേളയിൽ LSD-ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ടതില്ല. മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും, അറ്റൻറർമാരും വീടുകളിൽ എത്തി സൗജന്യമായി പ്രതിരോധ കുത്തി വെയ്പ്പ് വളർത്തു മൃഗങ്ങൾക്ക് നൽകുന്നതാണ്. ഈ ക്യാമ്പയ്ൻന്റെ ഭാഗമായി കർഷകർ കേന്ദ്ര സർക്കാരിന്റെ Bharat Pashundan Portal വഴി കർഷക രജിസ്ട്രേഷനും, അനിമൽ രജിസ്ട്രേഷനും വീടുകളിൽ എത്തുന്ന വാക്സിനേറ്റർമാർ മുഖേന ഉറപ്പാക്കേണ്ടതാണ്.

3. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം കൊല്ലത്ത് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമം 'പടവ് 2026' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്കും പുരസ്കാരങ്ങൾ നൽകുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട മികച്ച പത്ര റിപ്പോർട്ട്, പത്ര ഫീച്ചർ, കാർഷിക മാസികകളിലെ ഫീച്ചർ/ ലേഖനം, ക്ഷീര മേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യമാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ റിപ്പോർട്ട്, ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രാം, 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിലെ മികച്ച ഫോട്ടോഗ്രാഫ് എന്നീ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം. ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കി ദിനപത്രങ്ങളിലോ ആനുകാലികത്തിലോ പ്രസിദ്ധീകരിച്ച മികച്ച ഫീച്ചറിനും 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയിത്തിലൂന്നി ഉദ്യോഗസ്ഥർ എടുത്ത ഫോട്ടോഗ്രാഫിനും പുരസ്കാരങ്ങൾ നൽകുന്നുണ്ട്. എൻട്രികൾ 2024 ജനുവരി 01 മുതൽ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും www.dairydevelopment.kerala.gov.in ൽ ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. അപേക്ഷകൾ ഡിസംബർ 30 വൈകിട്ട് 4 മണിക്കകം ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ), ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ., തിരുവനന്തപുരം- 695004 വിലാസത്തിൽ ലഭിക്കണം. ഫോൺ നം: 9995240861, 9446453247, 9495541251.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. സംസ്ഥാന ക്ഷീരസംഗമം 'പടവ് 2025' നോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തില് ജില്ലയിലെ സ്കൂള് വിദ്യാർഥികൾക്കായി ജനുവരി 12, 13, 14 തീയതികളില് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെൻസില് ഡ്രായിംഗ്, ഉപന്യാസ രചന, പെയിന്റിംഗ്, ക്ഷീര പ്രശ്നോത്തരി എന്നിവയാണ് മത്സരയിനങ്ങൾ. യു പി, ഹൈസ്കൂൾ തലങ്ങളിലായാണ് മത്സരങ്ങൾ. രജിസ്ട്രേഷനും വിവരങ്ങൾക്കുമായി ഡിസംബര് 27 ന് വൈകിട്ട് അഞ്ചിനകം ഓച്ചിറ ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 8089391209, 0476 2698550.

## <u>പരിശീലന പരിപാടി</u>

5. കൊട്ടാരക്കര കില സി.എസ്.ഇ.ഡി. (ഇ.റ്റി.സി) യിൽ ഡിസംബര് 17 മുതല് 19 വരെ 'പശു വളർത്തൽ' വിഷയത്തിൽ പരിശീലനം നടത്തും. കുടുംബശ്രീ യൂണിറ്റുകൾക്കും സ്വയം സഹായ സംഘാംഗങ്ങൾക്കും കർഷകർക്കും പങ്കെടുക്കാം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലുള്ളവർക്കാണ് പരിശീലനം. ഭക്ഷണം, താമസം ഉൾപ്പെടെ സൗജന്യം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പേർക്കാണ് അവസരം. രജിസ്ട്രേഷനായി പേര്, വിലാസം എന്നിവ 8921819967 നമ്പറിലേക്ക് വാട്ട്സാപ്പ് ചെയ്യണം. ഫോൺ: 0474 2454621.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കൂൺ കൃഷി"** എന്ന വിഷയത്തിൽ 2025 ഡിസംബർ 17ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ (UPIid kvkthrissur.527@sbi). താൽപര്യമുള്ളവർ **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ ഡിസംബർ 17, 18 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് 2025 ഡിസംബർ 17-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ

തേനീച്ചവളർത്തലിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക. **E-mail: training@rubberboard.org.in**

## 9. കാർഷിക നിർദേശം

കുരുമുളകിന്റെ കൊടിത്തലകൾ ശേഖരിക്കുന്നതിനുള്ള ആരോഗ്യമുള്ള മാതൃചെടികളെ ഇപ്പോൾ തിരഞ്ഞെടുക്കാവുന്നതാണ്. ഇതിനായി നടിൽ വസ്തുവായി ഉദ്ദേശിക്കുന്ന ചെന്തലകൾ മണ്ണിൽ പടരാൻ അനുവദിക്കാതെ കുരുമുളകു ചെടിയുടെ ചുവട്ടിൽ ഉറപ്പിച്ച ചെറിയ കമ്പുകളിൽ ചുറ്റി വയ്ക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം